**ലേഖനം നമ്പർ 29**

# വിശുദ്ധ കുർബ്ബാന - ലഘുവ്യാഖ്യാനം

**പരിശുദ്ധന്മാരോടുള്ള ധൂപപ്രാർത്ഥന :**

മരിച്ചുപോയ പരിശുദ്ധന്മാർ ആത്മാവിൽ ജീവനുള്ളവരാണ്. “അവൻ മരിച്ചവരുടെ ദൈവമല്ല, ജീവിക്കുന്നവരുടെ ദൈവമാണ്. കാരണം എല്ലാവരും അവന്നു ജീവിക്കുന്നവരാണ്” (ലൂക്കോ 28:38). പരിശുദ്ധന്മാർ കർത്താവിന്റെ ഇഷ്ടന്മാരാകുന്നു. അവരെ ബഹുമാനിക്കയും സ്നേഹിക്കയും ചെയ്യുന്നത് കർത്താവിനെ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്കയാണ്. ഇതുമൂലം കാലംചെയ്ത പരിശുദ്ധന്മാരോട് നമുക്കുവേണ്ടി ദൈവത്തോടപേക്ഷിക്കുവാൻ നാം പ്രാർത്ഥിക്കുന്നു.

പെത്ഗോമാ : സങ്കീ. 82 : 12-14

“നീതിമാൻ പനപോലെ.........................തുഷ്ടിപുഷ്ടികളും - ബാറെക്മോർ”

അർത്ഥം - നയമാൻ ഈന്തപ്പനപോലെ തളിർക്കും. ലബാനോനിലെ കാരകിൽ മരം പോലെ അവൻ വളരും. പ്രായം കൂടിയാലും അവർ തളിരിട്ടുതഴയ്ക്കും. സന്തോഷവും സമ്പത്തും അവർക്കു വർദ്ധിക്കും.

എക്ബോ: “ഒരുപോലിങ്ങും................................ബഹുമാനിച്ചോർക്കായ് സ്തൌമൻ”

അർത്ഥം - മാർത്തോമ്മാ, സ്വർഗ്ഗത്തിലെ പോലെ ഇവിടെയും നിന്റെ ഓർമ്മ എന്നും ഉണ്ടാകേണമെ. നിന്റെ ഓർമ്മയെ ബഹുമാനിച്ച എല്ലാവർക്കും നിന്റെ പ്രാർത്ഥന സഹായകമായി തീരേണമെ.

കോലോകൾ 1 : “പ്രാർത്ഥനയിൽ സമയമിതല്ലോ..................... തൃക്കൈവാഴ്ത്തേണം ബാറെക്മോർ”

അർത്ഥം - മാർത്തോമ്മാ, പ്രാർത്ഥനയുടെ സമയമിതാണല്ലോ. പതിവുപോലെ കൂട്ടത്തിലെ തലവനായി നീ പ്രാർത്ഥിക്കുക. സന്തോഷത്തോടെ നിന്റെ പുറകേ വരുന്ന നിന്റെ ആടുകളെ മോശയെപ്പോലെ തിരുക്കരം നീട്ടി വാഴ്ത്തേണമേ.

“നിന്നെ വരിച്ചൊരു താതന്നും................................ കൃപയേറ്റട്ടേ ഞങ്ങൾക്കെന്നും മൊറിയോ”

അർത്ഥം - മാർത്തോമ്മാ, നിന്നെ സ്വീകരിച്ച പിതാവിനും നിന്റെ ഓർമ്മയെ ബഹുമാനിച്ച പുത്രനും സ്തോത്രം. നിന്നെ കിരീടമണിയിക്കുന്ന റൂഹാ വലിയവനാകുന്നു. നിന്റെ പ്രാർത്ഥന ഞങ്ങൾക്കെന്നും കൃപ നൽകട്ടെ. അല്ലെങ്കിൽ

“ഭാഗ്യം നിബിയേർക്കും...................... പുനരുദ്ധാന ദിനേ ബാറെക്മോർ”

അർത്ഥം - നിബിയർക്കും, ശ്ലീഹന്മാർക്കും, സഹദേന്മാർക്കും ഉയിർപ്പിന്റെ ദിവസത്തിൽ ഭാഗ്യം

“മശിഹായേ കാണ്മാൻ................................. ഉന്നതപദമേറി മൊറിയോ”

അർത്ഥം - മശിഹായേ കാണാൻ കൊതിച്ച സഹദേന്മാർ വാളാൽ ചിറകുകൾ വെച്ച് ഉന്നത പദവിയിൽ കയറി.

ബോവൂസാ : “പരിശുദ്ധന്മാരേ.............................. മായിച്ചീടാൻ”

അർത്ഥം - പരിശുദ്ധന്മാരേ നിങ്ങൾ കർത്താവിനോട് ശിക്ഷകളെയും തന്റെ കോപത്തിന്റെ ദണ്ഡനങ്ങളെയും ഇല്ലാതാക്കാൻ പ്രാർത്ഥിക്കേണമെ.

*(തുടരും...)* ■

*അഭി. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിൽ ഫാ. പി. ഐ. വർഗ്ഗീസ്, ഫാ. കെ. വൈ. ചാക്കോ, ഫാ. ജിജു വർഗ്ഗീസ് എന്നിവർ തയ്യാറാക്കിയത്.*

## പ്രാർത്ഥനാ യോഗങ്ങൾ

**St. George Unit (Kaloor Area) 04-10-2015 - 4 pm**
ശ്രീ. **പി.സി. മാത്യു,** കാഞ്ഞിരത്തുംമൂട്ടിൽ,
അശോക റോഡ്, കലൂർ
Ph: 2531061, Mob: 8547411061

**St. Thomas Unit (North-Pachalam Area) 18-10-2015 - 4 pm**
ശ്രീ. **കെ.സി. ജോൺസൻ,** കുറ്റിക്കാട്ട് ഹൗസ്,
കല്പക JMJ 3D, പത്മനാഭൻ റോഡ്, പൗവർഹൗസിനു
സമീപം, പച്ചാളം. Mob: 9020061035

**St. Gregorios Unit (Elamkulam-Kadavanthra Area) 25-10-2015 - 4 pm**
ശ്രീമതി **മറിയാമ്മ ജോസഫ്,** പള്ളിക്കാമൻപിൽ,
7D ജയിൻ വുഡ്ഫോഡ്, യുവജനസമാജം റോഡ്,
കടവന്ത്ര. Ph: 2314204, Mob: 9995325103

## വാർഷിക സെയിലും, കുടുംബസംഗമവും

കത്തീഡ്രൽ ഇടവകയുടെ 2015 ലെ വാർഷിക സെയിലും കുടുംബസംഗമവും ഒക്ടോബർ 11-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാനക്കുശേഷം പള്ളി പരിസരത്തു നടത്തുവാനുള്ള വിപുലമായ ക്രമീകരണങ്ങൾ നടന്നുവരുന്നു. വി. കുർബാനയിലും, പ്രഭാതഭക്ഷണം, ഉച്ചഭക്ഷണം ആവേശകരമായ ലേലം എന്നിവയിലും കുടുംബാംഗങ്ങളും ബന്ധുമിത്രാദികളുമായി പങ്കുചേരണം. ഈ സംരംഭം ഒരു ചരിത്രവിജയമാക്കാൻ സഹകരിക്കണമെ.

## വി. കുർബ്ബാന സമയം

**എളംകുളം ചാപ്പൽ:** Oct. 11 - 07.00 am, Oct. 18 -10.00 am, Oct. 25 - 06.00 am (പെരുനാൾ), Nov. 01 -10.00 am

**സെമിത്തേരിമുക്ക് ചാപ്പൽ:** Oct. 18 - 07.30 am, Nov. 01 - 07.30 am

**എല്ലാ ശനിയാഴ്ചയും കുർബ്ബാന 6.45 am**




Editorial Board : P.T. John, K.K. George (94470 40484), V.N. Philipose, Mammen Abraham & Suma Mathew. Design & Lay-out: dittografix, Printed at Geo Printshop, Ernakulam
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490





# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 9 ISSUE : 10 OCTOBER 2015

## എഡിറ്റോറിയൽ

# വാർഷിക സെയിൽ

നിങ്ങൾ ചെയ്യുന്നതൊക്കെയും മനുഷ്യർക്കെന്നല്ല കർത്താവിന്നു എന്നപോലെ മനസ്സോടെ ചെയ്വിൻ (കൊലൊ. 3:23)

ഒരു വലിയ തുക ഇടവകാംഗങ്ങളിൽനിന്ന് നിർബന്ധപൂർവ്വം ശേഖരിച്ചുവച്ച് കത്തീഡ്രലിന്റെ ആവശ്യങ്ങൾ നിറവേറ്റുന്ന ഒരു ഇടവകയല്ലല്ലൊ നമ്മുടേത്. മാസവരി ക്രമാതീതമായി വർദ്ധിപ്പിക്കാതെ തന്നെ കാര്യങ്ങൾ നടത്തിക്കൊണ്ടുപോകണമെന്ന ഉദ്ദേശ്യത്തോടെയാണ് എപ്പോഴും മാനേജിങ്ങ് കമ്മിറ്റി പ്രവർത്തിക്കുന്നത്. കത്തീഡ്രൽ ആവശ്യത്തിനായി എല്ലാവരും പങ്കെടുക്കുവാൻ താൽപര്യപ്പെടുന്ന ഏകവരുമാനമാർഗ്ഗം “വാർഷിക സെയിൽ” മാത്രമാണ്.

സെയിലിൽ സംബന്ധിക്കുന്നത് ഒരു ക്രിസ്തീയ ശുശ്രൂഷയായി പരിഗണിക്കണം. നമ്മുടെ കത്തീഡ്രലിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പൊതുപ്രവർത്തനങ്ങളിൽ കുറെ ഇടവകാംഗങ്ങൾ സംബന്ധിക്കുന്നുണ്ട്. ആ കാര്യങ്ങൾ ശരിയായി നടന്നുപോകുന്നുമുണ്ട്. എന്നാൽ വാർഷിക സെയിലിൽ അങ്ങിനെയുള്ള കുറച്ചുപേരുടെ സഹകരണം മാത്രമല്ല വേണ്ടത്. ഇടവകയിലെ എല്ലാ ആളുകളും അവരുടെ കഴിവനുസരിച്ച് ഇതിൽ സഹകരിക്കണം. ഇങ്ങിനെയുള്ള ആവശ്യങ്ങൾക്ക് കൊടുക്കുവാനുള്ള അവസരം നമുക്കു ലഭിക്കുമ്പോൾ ശരിയായ ആഗ്രഹത്തോടുകൂടി അതു ചെയ്യുവാൻ എല്ലാവരും ശ്രമിക്കണം. ചില വ്യക്തികളോടോ, സംഘാടകരോടോ ഉള്ള കടപ്പാടുകൊണ്ടോ, മറ്റുള്ളവരുടെ അംഗീകാരം ലഭിക്കുന്നതിനായിട്ടോ, പ്രതിഫലത്തിനായോ ഉള്ള ഒരു ചിന്ത നമ്മുടെ മനസ്സിൽ ഉണ്ടാകരുത്.

പലരും പറയാറുള്ള ഒരു പല്ലവി “ഞാൻ ഇത്തവണ വേറൊരാവശ്യത്തിന് പണം നൽകിപ്പോയെന്നാണ്”, അവർ ഒന്നു ചിന്തിക്കണം. അവർക്കുള്ള പണസംബന്ധമായ കഴിവ് ദൈവം കനിഞ്ഞ് നൽകിയതാണ്. അത് ബാക്കിയുള്ളവർക്ക് ഉതകുവാൻ കൂടിയാണ്. അതുകൊണ്ട് ഇത്തവണത്തെ സെയിലിന് ഏതുവിധേനയും സംബന്ധിക്കുമെന്ന് മനസ്സിൽ നേരത്തെ നിശ്ചയിക്കണം. നാം നിശ്ചയിക്കുന്ന എല്ലാ കാര്യങ്ങളും ദൈവം നമുക്ക് നടത്തിത്തരാറുണ്ടല്ലൊ. കത്തീഡ്രലിനോടുള്ള സ്നേഹം കാണിക്കുവാൻ ഇതിൽപരം ഒരു സന്ദർഭം വേറെയില്ലല്ലോ.

“അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കട്ടെ, സങ്കടത്തോടെ അരുത്, നിർബ്ബന്ധത്താലുമരുത്, സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു” (2 കൊരി. 9:7). ഇത് അപ്പോസ്തോലനായ പൌലോസ് പറഞ്ഞതാണ്. നാം എന്തുകൊടുത്താലും അതിനെ ആരും ചോദ്യം ചെയ്യുകയില്ല. അതു കുറഞ്ഞുപോയെന്നാരും പറയുകയുമില്ല. പക്ഷെ ഒന്നുണ്ട്, ചെയ്യുന്നത് കർത്താവിനായി ചെയ്യണമെന്നു മാത്രം.

ദൈവം നമ്മുടെ കൈകളെ മാത്രമല്ല, നമ്മുടെ ഹൃദയത്തെയും കാണുന്നവനാണ്. ■

## ഇടയ ലേഖനം

# വിശ്വാസികളുടെ സമൂഹമേ!...

**ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത**



സമസ്തസമൂഹങ്ങളും “വിശ്വാസ”ത്തെ ഊന്നിപ്പറയുന്നു. വിശ്വാസത്തിനുവേണ്ടി മരിക്കാൻവരെ മനുഷ്യർ തയ്യാറാകുന്നു. ഈശ്വര വിശ്വാസമാണ് വിഷയം. എന്താണതിന്റെയർത്ഥം? ഈശ്വരൻ ഉണ്ട് എന്ന് അറിഞ്ഞുപ്രഖ്യാപിക്കുക മാത്രമല്ല; ഈശ്വരൻ സ്നേഹവും, കാരുണ്യവും, ക്ഷമയും, ജീവൻ നല്കുന്നവനുമായ സൃഷ്ടാവാണെന്നുള്ള തിരിച്ചറിവുകൂടെയാണ്. ഈശ്വരൻ സൃഷ്ടാവായതിനാൽ അവനിൽ നിന്നും വ്യതിരിക്തമായി മനുഷ്യനു നിലനില്പില്ല. സൃഷ്ടിച്ചവന് സംഹരിക്കാനുമാകും! എന്നാൽ ദൈവം സ്നേഹമാകുന്നുവെന്നും, മനുഷ്യന്റെ ഉദ്ധാരണത്തിനും, നന്മയ്ക്കും, ജീവനും വേണ്ടി അവിടുന്നു മനുഷ്യനായി വന്ന്, മനുഷ്യന്റെ സ്ഥാനത്ത്, അവനുവേണ്ടി മരണശിക്ഷയേറ്റുവെന്നും ക്രിസ്തുസഭ പഠിപ്പിക്കുന്നു. ആ വിശ്വാസത്തിലെ ഏറ്റവും മർമ്മപ്രധാനമായ സത്യവുമാണത്. ഈശ്വരനെ വിശ്വസിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന മനുഷ്യൻ, തന്നെതന്നെയും മറ്റു മനുഷ്യരെയും ഒന്നുപോലെ സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്യാൻ കടപ്പെട്ടവനാണ്.

മനുഷ്യനായി വന്ന ദൈവപുത്രൻ ദൈവസ്നേഹത്തിന്റെയും ദൈവരാജ്യത്തിന്റെയും സുവാർത്തയുമായാണ് വന്നത്. പാപം, മരണം, സാത്താൻ എന്നിവയുടെ അധീനതയിൽ മൃതപ്രായനായ മനുഷ്യന്, വീണ്ടും ജീവനും സ്വാതന്ത്ര്യവും നൽകുന്നതിന്, അവിടുന്നു പീഢയും മരണവും ഏറ്റുവാങ്ങി. അക്കാരണത്താൽ സകല മനുഷ്യരും തന്നോടു കടപ്പെട്ടിരിക്കുന്നു. പുതുജീവന്റെ ഈ സുവിശേഷം പ്രസരിപ്പിക്കുന്നതിന്, ദൈവവചന നിർഭരമായ വി.രഹസ്യങ്ങൾ (കൂദാശകൾ) അവിടുന്ന് ഏർപ്പെടുത്തി, സ്വശിഷ്യന്മാരെ ഭരമേല്പിച്ചു. ഈ വിശ്വാസ സംഹിതയെ, “പിതാക്കന്മാർക്ക് ഒരിക്കലായി ഭരമേല്പിച്ചിരിക്കുന്ന വിശ്വാസം” എന്ന് പുതിയ നിയമം വർണ്ണിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അപ്പോസ്തലന്മാർ ആരാധനാ വിധികളും, അനുഷ്ഠാനരീതികളും ആവിഷ്ക്കരിച്ചു. ഇക്കാര്യങ്ങൾക്ക് പഴയ നിയമത്തിന്റെ പിൻതുണയുമുണ്ടായിരുന്നു.

കാലദേശഭേദങ്ങളുടെ ചുവടുപിടിച്ച് മാറുന്നതല്ല ഈ “ഒരിക്കലായി ഭരമേല്പിക്കപ്പെട്ട” കറതീർന്ന വിശ്വാസം. “ഓർത്തോദുക്സോ” എന്ന പദത്തിന്റെ പൊരുൾ അതിലേക്കാണ് വിരൽചൂണ്ടുന്നത്. അവിടെ സത്യവിശ്വാസം ആരാധനയും ആരാധനാജന്യമായ ജീവിതവുമായി പരിണമിക്കുന്നു. എങ്കിലും കാലാകാലങ്ങളിൽ പലരും, പലതും ഈ സത്യവിശ്വാസത്തോടു കലർത്തിയിട്ടുണ്ട്. കലർപ്പിന്റെ ശതമാനം കൂടുന്നതനുസരിച്ച് വിശ്വാസത്തിന്റെ പ്രഥമമായ വിശുദ്ധി ഇല്ലാതാകും. ലോകത്തിന് ഹൃദ്യമാകുന്ന രീതിയിൽ സുവിശേഷത്തെയും, ആത്മീകതയെയും അവതരിപ്പിക്കാൻ പലരും ശ്രമിച്ചിട്ടുണ്ട്. ഇത്തരം പ്രവണതകളിൽ പലതും

***(ശേഷം 2-ാം പേജിൽ)***

## വികാരിയുടെ കത്ത്

# ഓർത്തഡോക്സ് വിശ്വാസത്തിൽ കന്യകമറിയാമിന്റെ സ്ഥാനം

*(കഴിഞ്ഞലക്കം തുടർച്ച)*

**ഫാ. പി. ഐ. വർഗ്ഗീസ്**



പരിശുദ്ധ കന്യകമറിയാമിനെ പൗരസ്ത്യപാരമ്പര്യങ്ങളിൽ എപ്പോഴും കാണുന്നത് പ:സഭയുടെ പ്രതീകവും പ്രതിനിധിയുമായിട്ടാണ്. ഇതാ ഞാൻ കർത്താവിന്റെ ദാസി. അവിടുത്തെ ഇഷ്ടംപോലെ എനിക്ക് ഭവിക്കട്ടെ എന്ന് പറഞ്ഞുകൊണ്ട് ദൈവവചനം സ്വീകരിക്കുകയും ദൈവത്തിന്റെ തിരുവിഷ്ടത്തിന് സ്വയം സമർപ്പിക്കുകയും ചെയ്ത മറിയാം സഭയുടെ മാതൃകയും പൂർവ്വരൂപവുമാണ്. സഭ, യേശുക്രിസ്തുവിന്റെ ശരീരമാകുന്നു എന്ന് തിരുവചനത്തിൽ നാം പഠിക്കുന്നു. കന്യകമറിയാം മറ്റുള്ളവരെപ്പോലെ ഈ സഭയിലെ ഒരംഗവും ക്രിസ്തുവിലൂടെ മാത്രം രക്ഷിക്കപ്പെട്ട ഒരു വ്യക്തിയുമാണ്. ആയതിനാൽ കത്തോലിക്കസഭ പഠിപ്പിക്കുന്നതുപോലെ മറിയാമിന് ക്രിസ്തുവിനോടൊപ്പം "സഹരക്ഷകത്വം" ഉണ്ടെന്ന് പൗരസ്ത്യസഭകൾ പഠിപ്പിക്കുന്നില്ല. മറിയാമിനെ രണ്ടാമത്തെ ഹവ്വ എന്ന് വിളിക്കുന്നതായി കഴിഞ്ഞ ലക്കത്തിൽ സൂചിപ്പിച്ചിരുന്നല്ലോ. എന്തുകൊണ്ടാണ് ഈ പേര് മറിയാമിന് നൽകപ്പെട്ടത് എന്നതിന്റെ വിശദീകരണം ഇപ്രകാരമാണ്. ആദ്യത്തെ ഹവ്വ അനുസരണക്കേട് കാണിക്കുകയും ദൈവകല്പന നിഷേധിക്കുകയും ചെയ്ത് മനുഷ്യവർഗ്ഗത്തെ പാപത്തിനും മരണത്തിനും അടിമയാക്കിയെങ്കിൽ രണ്ടാമത്തെ ഹവ്വ (മറിയം) ദൈവവചനത്തെ അനുസരിക്കുകവഴി മനുഷ്യരാശിയുടെ സമ്പൂർണ്ണ രക്ഷയ്ക്കും ജീവനും ക്രിസ്തുവിലൂടെ അവകാശം നേടിത്തരുകയും ചെയ്തു എന്നതാണ് ഈ പേരിന്റെ ന്യായീകരണം.

വി: സുവിശേഷങ്ങളിൽ 4 ഭാഗങ്ങൾക്ക് പരിശുദ്ധ കന്യകമറിയാമിനെക്കുറിച്ചുള്ള വിശ്വാസത്തിന് ആധാരമായിട്ടുണ്ട്. (1) കന്യകയോടുള്ള വചനിപ്പ് (LK:1:28-38) എളിയ ഒരു പെൺകുട്ടി ദൈവവചനം സ്വീകരിച്ച് അത്യുന്നമായ ഒരു പദവിയിലേക്ക് ഉയർത്തപ്പെടുന്നു. (2) യോഹ. 2:3–5 കാനാവിലെ കല്ല്യാണവിരുന്നിൽ മറിയാമിന്റെ അപേക്ഷപ്രകാരം പുത്രനായ യേശു അടയാളം പ്രവർത്തിക്കുന്നു. (3) ലൂക്കോ : 11:27–28 ൽ മറിയാമിനെ പുകഴ്ത്തിക്കൊണ്ട് പുരുഷാരത്തിൽ ഒരു സ്ത്രീ യേശുവിനോട് പറയുന്നു. "നിന്നെ വഹിച്ച ഉദരവും നീ കുടിപ്പിച്ച മുലകളും ഭാഗ്യമുള്ളവ" എന്ന്. ദൈവവചനം കേട്ട് അതനുസരിക്കുന്നവരാണ് ഭാഗ്യമുള്ളവർ എന്ന് യേശു മറുപടിയും നൽകുന്നു. ഈ രണ്ട് പ്രതിപാദനങ്ങളും വി:മറിയാമിനെ പുകഴ്ത്തുകയാണ്. സ്ത്രീ പ്രത്യക്ഷമായും കർത്താവ് പരോക്ഷമായും സൂചിപ്പിക്കുന്നുവെന്ന വ്യത്യാസമേ ഉള്ളൂ. കാരണം ദൈവവചനം പൂർണ്ണമായി അനുസരിച്ച മറിയാമിനെപ്പോലെ വേറെ ആരും ഇല്ല എന്നാണ് സഭ പഠിപ്പിക്കുന്നത്. (4) ഹൃദയസ്പർശിയായ മറ്റൊരു വേദഭാഗം (യോഹ: 19:26.27) യേശു ക്രൂശിൽ കിടന്നുകൊണ്ട് യോഹന്നാൻ ശ്ലീഹായുടെ സംരക്ഷണയിൽ മാതാവിനെ, ഭരമേൽപ്പിക്കുന്നതാണ്. സ്ത്രീയേ ഇതാ നിന്റെ മകൻ എന്ന് അമ്മയോടും, ഇതാ നിന്റെ അമ്മ എന്ന് ശിഷ്യനോടും കർത്താവ് പറയുന്നു. ഈ വേദഭാഗങ്ങളിൽ തിളങ്ങിവിളങ്ങുന്ന വി: കന്യകയുടെ സ്ഥാനം പ:സഭ ഒരിക്കലും അവഗണിച്ചിട്ടില്ല.

*(അടുത്ത ലക്കത്തിൽ തുടരും....)* ■

*(ഇടയലേഖനം തുടർച്ച)*

പ്രത്യക്ഷത്തിൽ സ്വാഗതാർഹവും അനുകരണീയവുമെന്നു തോന്നാവുന്നതുമാണ്. എന്നാൽ തികച്ചും "ലോകപരവും", "ദർശനപര"വുമായ ഈ സംവിധാനങ്ങൾ അനേകംപേരെ വഴിതെറ്റിക്കുന്നുണ്ട്. ഇത്തരം സന്ദർഭങ്ങൾ പുതുതല്ല. സഭയുടെ ആദിമകാലംമുതൽ ഇത്തരം "ഇത്തിളുകൾ" സഭാഗാത്രത്തിനു ക്ഷതമേല്പിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഇക്കൂട്ടർ ഒരു പുതിയ സംഹിത ആവിഷ്ക്കരിച്ച് അങ്ങനെ ജീവിക്കുക മാത്രമല്ല; മറ്റുള്ളവരിൽ ചിന്താക്കുഴപ്പമുണ്ടാക്കി, അവരെയും ആ വഴിക്കുവരുത്താൻ തീവ്രശ്രമം നടത്തുന്നുമുണ്ട്.

"ദൈവം അങ്ങനെ പറഞ്ഞിട്ടുണ്ടോ" എന്ന ചോദ്യം പിശാച്, ഹവ്വയ്ക്കുനേരെ തൊടുത്തുവിട്ടു. ദൈവം പറഞ്ഞതാണന്നറിയാവുന്ന ഹവ്വയോടാണ് ചോദ്യം. ചോദ്യം സ്വാഗതം ചെയ്തിടത്തുനിന്നും പ്രശ്നങ്ങൾ ആരംഭിച്ചു. ഇന്നും അങ്ങനെ തന്നെ. സനാതനമായ സത്യങ്ങൾക്ക് സൗന്ദര്യം കുറവാണെന്നും, പകരം അത്യന്താധുനികമായ വിശ്വാസാചാരങ്ങളോ, വിശ്വാസമില്ലായ്മയോ മതിയാകുമെന്നും, സാങ്കേതിക വിദ്യയുടെയും, ചെപ്പടിവിദ്യകളുടെയും അകമ്പടിയോടെ പ്രചരിപ്പിക്കപ്പെടുന്നു. പ്രത്യക്ഷരക്ഷ, പൊടുന്നനെ സൗഖ്യം, ഇഷ്ടദാനമായ നൽവരങ്ങൾ ഇങ്ങനെ പോകുന്നു.

വിശ്വാസവും വിശ്വാസികളുടെ സമൂഹവുമെവിടെ? പുരോഹിതനും പ്രവാചകനും ജനങ്ങളുടെ ഉപദേഷ്ടാക്കളും മാർഗ്ഗദർശികളുമാണ്. അവർ അവരുടെ ഉപദേശങ്ങളാൽ ജനങ്ങളെ വഴിതെറ്റിക്കാൻ പാടില്ല. അതു ഗുരുതരമായ അപരാധമാണ്.

കറതീർന്നതും കലർപ്പില്ലാത്തതുമായ സത്യവിശ്വാസത്തിൽ ഉറച്ചുനിൽക്കാം. ആത്മീകത പ്രകടനവസ്തുവും വില്പനച്ചരക്കുമാകാതിരിക്കട്ടെ. ■

## കുടുംബ വിശേഷങ്ങൾ

### വനിതാ സമാജദിനം

മർത്തമറിയം വനിതാസമാജം സെപ്റ്റംബർ 4–ാം തീയതി സമാജദിനമായി കൊണ്ടാടി. അതിനോടനുബന്ധിച്ച് ബഹു. പി. ഐ. വർഗ്ഗീസച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മുഖ്യപ്രഭാഷകരായി Naivedya Ayurveda Research Centre ൽ നിന്നും ഫാ. പീറ്റർ തിരുതരാനിലും, ഡോ. ഐശ്വര്യയും പങ്കെടുത്തു.

### ആദരാഞ്ജലികൾ



എറണാകുളം കാരിക്കാമുറി ക്രോസ്റോഡിൽ കിഴക്കേഅറ്റത്ത് ശ്രീ. കെ.യു. ജേക്കബിന്റെ ഭാര്യ **മേരി ജേക്കബ്** (88), 08–09–2015 ൽ നിര്യാതയായി. 10–09–2015 ൽ കോട്ടയം പുത്തൻപള്ളിയിൽ കുടുംബകല്ലറയിൽ സംസ്ക്കരിച്ചു. പ.കാതോലിക്ക ബാവ, അഭിവന്ദ്യരായ ഡോ. യാക്കോബ് മാർ ഐറേനിയോസ്, സക്കറിയാ മാർ തെയൊഫിലോസ്, ഡോ. തോമസ് മാർ കുറിലോസ് (തിരുവല്ല അതിരൂപത) എന്നീ തിരുമേനിമാർ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി.





## പ്രാർത്ഥനായോഗം – ഏകോപനം





കത്തീഡ്രൽ പ്രാർത്ഥനായോഗങ്ങളുടെ ഏകോപനം സെപ്റ്റംബർ 27–ാം തീയതി ഞായറാഴ്ച 4 മണിക്ക് കത്തീഡ്രലിൽ നടന്നു. ബഹു. ഫാ. ഗീവർഗ്ഗീസ് വള്ളിക്കാട് വചനപ്രഘോഷണം നടത്തി.

### സൺഡേ സ്കൂൾ ഡിസ്ട്രിക്ട്തല മത്സര വിജയികൾ

**ദീപം സൺഡേ സ്കൂൾ**



നക്ഷത്ര ബെന്നി　മയൂഷ സാറാ ചെറിയാൻ　ഡയാന ജെയ്സൻ

District തല മത്സരങ്ങളിൽ സമൂഹഗാനത്തിന് രണ്ടാം സ്ഥാനം നേടിയ ദീപം സൺഡേ സ്കൂൾ വിദ്യാർത്ഥിനികളായ നക്ഷത്ര, മയൂഷ, ഡയാന.

നക്ഷത്ര ബെന്നി സിംഗിൾ സോംഗിന് മൂന്നാം സ്ഥാനവും കരസ്ഥമാക്കിയിട്ടുണ്ട്.

**കത്തീഡ്രൽ സൺഡേ സ്കൂൾ**



ഏബൽ ചെറിയാൻ സാബു (Subjunior Elocution II ); ഏബൽ വർഗീസ് ഷിബു (Senior Elocution I, Senior Thankavakkyam II); അലൻ തോമസ് ജേക്കബ് (Senior Gen. Knowledge II);സിറിൽ ഫിലിപ്പ് ചാക്കോ (Senior Thankavakkyam I, Senior Gen. Knowledge I); അന്ന മാത്യു (Junior Thankavakkyam III); ലീന റേച്ചൽ പ്രസാദ് (Junior Elocution I)

നമ്മുടെ ഡിസ്ട്രിക്ടിൽ 30 പോയിന്റുകൾ നേടി എവർറോളിംഗ് ട്രോഫി കത്തീഡ്രൽ സൺഡേസ്കൂൾ കരസ്ഥമാക്കി.

### മാമോദീസ

എറണാകുളം രവിപുരം മണമേൽ ശ്രീ. ജഗൻ ഏബ്രഹാം ജോർജ്ജിന്റെയും ശ്രീമതി മഞ്ജുള സൂസൻ ഏബ്രഹാമിന്റെയും മകൾ **ജസ്സിക്ക എലിസബത്ത് ഏബ്രഹാം** 12–09–2015 ൽ മാമോദീസ സ്വീകരിച്ചു.

എറണാകുളം സ്പൈസ്സസ് സ്ട്രീറ്റിൽ ചീരൻഹൗസിൽ ഡോക്ടർ സിനിൽ മാത്യുവിന്റെയും ശ്രീമതി ആനി സിനിലിന്റെയും മകൻ **സാം മാത്യു സിനിൽ** 13–09–2015 ൽ മാമോദീസ സ്വീകരിച്ചു.

*ഈ പൈതങ്ങൾക്ക് ദൈവകൃപ ആശംസിക്കുന്നു*

### അഭിനന്ദനങ്ങൾ



എം.ജി. സർവകലാശാല ബി.എസ്.സി. സൈക്കോളജി പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ **ക്രിസ്റ്റീന മറിയം ചാക്കോ** (യു.സി. കോളേജ്, ആലുവ). നമ്മുടെ ഇടവകാംഗം കളത്തിപ്പറമ്പിൽ റോഡ്, ഗോവിന്ദ് അപ്പാർട്ട്മെന്റിൽ ചാക്കോ ഫിലിപ്പിന്റെയും മറിയാമ്മയുടെയും മകളാണ്. അഖില കേരള ബാലജനസഖ്യത്തിന്റെ മുൻ സംസ്ഥാന ജനറൽ സെക്രട്ടറിയാണ്.



M.I.P Gradutate School of Business Politecnio di Milano Italy യിൽ നിന്ന് ഇന്ത്യയിലേക്കുള്ള യൂണിവേഴ്സിറ്റി അംബാസഡർ ആയി ഇടവകാംഗമായ **സിറിൽ സൈമൺ** അർഹത നേടിയിരിക്കുന്നു. ടി.പി. സൈമൺന്റെയും ലതയുടെയും മകനാണ്.

*പാരിഷ് ന്യൂസിന്റെ അഭിനന്ദനങ്ങൾ*

## OCYM News



### ആർദ്രത റിലീഫ് സെന്റർ

ആർദ്രത റിലീഫ് സെന്ററിന്റെ സൗജന്യ മരുന്നുവിതരണത്തിനായി എറണാകുളം ജനറൽ ആശുപത്രിയിൽ ഒരു ഫാർമസി ആരംഭിക്കുവാനുള്ള സൗകര്യം ഹോസ്പിറ്റൽ ഭരണസമിതി അനുവദിച്ചു. സെപ്റ്റംബർ 22–ാം തീയതി 4 മണിക്ക് ആയതിന്റെ ഉദ്ഘാടനം അഭി. ഭദ്രാസന മെത്രാപ്പോലീത്ത യാക്കൂബ് മാർ ഐറേനിയോസ് തിരുമേനി നിർവഹിച്ചു.

അതോടുകൂടിതന്നെ ആർദ്രതയുടെ വകയായി 6 ലക്ഷത്തോളം രൂപ വിലയുള്ള ഒരു ഡയാലിസിസ് മെഷീൻ ജനറൽ ഹോസ്പിറ്റലിലേക്ക് സംഭാവന ചെയ്യുകയും ചെയ്തു. ഡയാലിസിസ് മെഷീന്റെ സമർപ്പണ ചടങ്ങ് ബഹു. ഹൈബി ഈഡൻ എം.എൽ.എ. നിർവഹിച്ചു. തദവസരത്തിൽ കൂടിയ മീറ്റിംഗിൽ OCYM അംഗങ്ങളും, ജനറൽ ആശുപത്രി സ്റ്റാഫും, ആശുപത്രി ഡവലപ്മെന്റ് കമ്മിറ്റിഅംഗങ്ങളും സംബന്ധിച്ചു.

### എളംകുളം പെരുന്നാൾ

കത്തീഡ്രലിന്റെ ആഭിമുഖ്യത്തിൽ എളംകുളം മാർഗ്രീഗോറിയോസ് ചാപ്പലിൽ പരിശുദ്ധ പരുമല തിരുമേനിയുടെ ഓർമ്മപെരുന്നാൾ ഒക്ടോബർ 25–ാം തീയതി ഞായറാഴ്ച കൊണ്ടാടും. ഈ വർഷത്തെ പെരുന്നാൾ ഏറ്റുകഴിക്കുന്നത് ശ്രീ. ബൈജു പി. ജോസും കുടുംബവുമാണ്. (J.C. Nylon)

### വിവാഹം

എറണാകുളം മറൈൻ ഡ്രൈവ് 'Purva Oceana' യിൽ ശ്രീ. കെ. ജി. ഫിലിപ്പിന്റെയും ശ്രീമതി സൂസി ഫിലിപ്പിന്റെയും മകൻ **അജയ്ഫിലിപ്പും**, കുറിച്ചി കോലത്തുകളത്തിൽ തോപ്പിൽ ശ്രീ. ടി.എ. മാത്യുവിന്റെയും ശ്രീമതി മറിയാമ്മ മാത്യുവിന്റെയും മകൾ **സീന മാത്യുവും** തമ്മിലുള്ള വിവാഹം 14–09–2015 ൽ ദിവ്യശ്രീ എം.എസ്. യൂഹാനോൻ റമ്പാച്ചന്റെ കാർമ്മികത്വത്തിൽ കത്തീഡ്രലിൽ നടന്നു.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

### നിര്യാതരായി



എറണാകുളം കാരിക്കാമുറി ക്രോസ് റോഡ്, കിഴക്കേഅറ്റത്ത് **മേരി ജേക്കബ്** (88), 08–09–2015 ൽ നിര്യാതയായി. 10–09–2015 ൽ കോട്ടയം പുത്തൻപള്ളി സെമിത്തേയിൽ അടക്കം ചെയ്തു.



എറണാകുളം TA Beerankunju Road, വലിയവനത്തിൽ **ജോർജ്ജ്പീറ്റർ** (85), 07–09–2015 ൽ നിര്യാതനായി. 09–09–2015 ൽ തിരുമറയൂർ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി സെമിത്തേയിൽ അടക്കം ചെയ്തു.



എറണാകുളം അയ്യപ്പൻകാവ് ടാറ്റാപൈപ്പ് ലയിൻ റോഡ് ചെറുവത്തൂർ വീട്ടിൽ **സി.വി. വറുഗീസ്** (വറുതു) (85) 18–09–2015 ൽ നിര്യാതയായി. 19–09–2015 ൽ കുന്നംകുളം കോട്ടാർ മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളി സെമിത്തേരിയിൽ അടക്കം ചെയ്തു.

എറണാകുളം GIDA Road, Green Acres പുല്യാട്ട് തുകലൻ **എലിസബത്ത് പോൾ** (87) 04–09–2015 ൽ നിര്യാതയായി. 05–09–2015 ൽ കണ്ടനാട് വിശുദ്ധ മാർത്തമറിയം പള്ളി സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*